# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.105 — 04.12.2014 ൽ മറുപടിയ്ക്ക്

### നെല്ല് സംഭരണ പദ്ധതിക്ക നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

(എ) സപ്ലൈകോയുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും നെല്ലസംഭരണ പദ്ധതിക്ക തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(എ) ഉണ്ട്. 2012-13 ഒന്നാം സീസൺ മുതൽ സപ്ലൈകോ സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും നെല്ല് സംഭരിച്ച വരുന്നു. സെപ്റ്റംബറിൽ ആരംഭിച്ച 2014-2015 ഒന്നാം സീസണിൽ നാളിതുവരെ 1.27 ലക്ഷം മെ. ടൺ നെല്ല് സംഭരിച്ചു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | അളവ് (മെ. ടൺ) |
|---|---|---|
| 1 | ആലപ്പുഴ | 30187.112 |
| 2 | എറണാകുളം | 135.921 |
| 3 | ഇടുക്കി | 10.627 |
| 4 | കണ്ണൂർ | 24.954 |
| 5 | കോട്ടയം | 12561.493 |
| 6 | മലപ്പുറം | 58.195 |
| 7 | പാലക്കാട് | 81917.795 |
| 8 | തൃശ്ശൂർ | 2022.630 |
| 9 | തിരുവനന്തപുരം | 46.947 |
| 10 | വയനാട് | 90.140 |
| | ആകെ | 127055.814 |

(ബി) കർഷകർക്ക് ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ഉണ്ട്. 2013-14 ഒന്നാം സീസൺ മുതൽ നെല്ല് സംഭരണ രജിസ്ട്രേഷൻ ഓൺലൈനായി നടപ്പിലാക്കിയിട്ടുണ്ട്. ഇന്റർനെറ്റ് സൗകര്യമുള്ള എവിടെ നിന്നും കർഷകർക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.

(സി) എത്ര നെൽ കർഷകർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) ഓരോ വർഷവും രണ്ട് സീസണിലായി ഏകദേശം ഒരു ലക്ഷത്തി എഴുപത്തി അയ്യായിരത്തിൽപരം കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. 2014-15 ഒന്നാം സീസണിൽ

| | | | |
|---|---|---|---|
| | | | ഇതുവരെ 51958 കർഷകർ സപ്ലൈകോയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) | എത്ര ലക്ഷം ടൺ നെല്ലാണ് പ്രസ്തുത പദ്ധതി വഴി സംഭരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ഡി) | 2014-15 ലെ രണ്ട് സീസണിലുമായി ഏകദേശം 5.5 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിക്കാനാണ് സപ്ലൈകോ ഉദ്ദേശിക്കുന്നത്. സെപ്റ്റംബറിൽ ആരംഭിച്ച 2014-2015 ഒന്നാം സീസണിൽ 28.11.2014 വരെ 1.27 ലക്ഷം മെ. ടൺ നെല്ല് സംഭരിച്ചു. |
| (ഇ) | സംഭരണ വില കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുവാൻ എന്തെല്ലാം സംവിധാനം ഒരുക്കിയിട്ടുണ്ട് ; വിശദമാക്കുമോ ? | (ഇ) | നെല്ല് സംഭരിച്ച ഉടൻതന്നെ കർഷകർക്ക് നെൽ വില ലഭിക്കുന്നതിനായി സപ്ലൈകോ കാനറ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ എന്നീ പൊതുമേഖലാ ബാങ്കുകളും പാലക്കാട്, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകളുമായി ധാരണാ പത്രം ഉണ്ടാക്കുകയും അത് പ്രകാരം നെല്ലിന്റെ വില സപ്ലൈകോയുടെ നിർദ്ദേശ പ്രകാരം കർഷകരുടെ അക്കൗണ്ടുകളിലേക്ക് നൽകുകയും ചെയ്യുന്നു. കൂടാതെ ബാങ്കുകളിൽ നിന്നും ഓവർഡ്രാഫ്റ്റ് എടുത്തും കർഷകരുടെ നെൽ വില നൽകി വരുന്നു. |

Beena

സെക്ഷൻ ഓഫീസർ